CHRISTIAN MUSICOLOGICAL SOCIETY OF INDIA

# സീറോ-മലബാർ സഭയുടെ പുനരുദ്ധരിക്കപ്പെട്ട കുർബാനക്രമം

ഡോ. തോമസ് മണ്ണൂരാംപറമ്പിൽ

ഡോ. ജോർജ്ജ് വാവാനിക്കുന്നേൽ

കോട്ടയം

1986

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# സീറോ-മലബാർ സഭയുടെ പുനരുദ്ധരിക്കപ്പെട്ട കുർബാനക്രമം

## സഭയും ആരാധനക്രമവും

മിശിഹായുടെയും അവിടുത്തെ നാമത്തിൽ സമ്മേളിക്കുന്ന സഭയുടെയും ഏററവും സമുന്നതമായ പ്രവൃത്തിയാണല്ലോ വി. കുർബാന അപ്പണം. ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അതു് അവൻെറ ക്രിസ്തീയജീവിതത്തിൻെറ കേന്ദ്രമാണ്. ദൈവം മിശിഹായിൽ ലോകത്തെ വിശുദ്ധീകരിക്കുകയും മനുഷ്യൻ മിശിഹാവഴി പിതാവിനു് ആരാധനയപ്പിക്കുകയും ചെയ്യുന്ന പ്രവൃത്തിയാണതു്. പൗരസ്ത്യസുറിയാനിസഭയുടെ വീക്ഷണത്തിൽ മിശിഹായിൽ പൂത്തിയായ രക്ഷാകരചരിത്രം മുഴുവനും അതുമൂലം വിശ്വാസികളിൽ സംഭവിക്കുന്ന ദൈവവല്ക്കരണവും ഓരോ വി. കുർബാനയിലും നിശ്ചിത പ്രതീകങ്ങളിൽ കൂടി പ്രഖ്യാപിക്കപ്പെടുകയും പ്രഘോഷിക്കപ്പെടുകയും ചെയ്യുന്നു. കത്തോലിക്കാസഭയുടെ അടിസ്ഥാനം ഒരു ചരിത്രസംഭവവും അതിലുള്ള അനുഭവവുമാണ്. ചരിത്രസംഭവം മാററങ്ങൾക്കു് വിധേയമല്ലാത്തതുപോലെ അതിനെ ഇന്നത്തെ സാഹചര്യത്തിൽ യാഥാത്ഥ്യമാക്കാൻ ഉപയോഗിക്കുന്ന പ്രതീകങ്ങളും ഒരു പരിധിവരെ പരിവർത്തനവിധേയമല്ല. സഭാജീവിതത്തിൽ പ്രതീകങ്ങൾക്കുള്ള സ്ഥാനവും മൂല്യവും രഹസ്യാത്മകതയ്ക്കുള്ള പ്രാധാന്യവും മനസ്സിലാക്കാതെ ലിററർജി അനുഭവമാകുകയില്ല.

## കുർബാന വെറുമൊരു ഭക്താഭ്യാസമല്ല

കുർബാനയെ വെറുമൊരു ഭക്താഭ്യാസമോ വരപ്രസാദസമ്പാദനത്തിനുള്ള ഒരുപാധിയോ ആയി തരംതാഴ്ത്തി കാണരുതു്. വ്യക്തികളുടെ വ്യക്തിപരമായ അനുഭൂതികൾ പ്രകടമാക്കുവാനോ സാമൂഹ്യവും സാംസ്ക്കാരികവുമായ സംതൃപ്തി കണ്ടെത്തുവാനോ ഉള്ള ഒരു വേദിയായി വി. കുർബാനയെ കണക്കാക്കുന്നതു് അപകടകരമായിരിക്കും.

വിശുദ്ധ കുർബാന അപ്പിക്കുന്ന വൈദികനും അദ്ദേഹത്തോടുകൂടിയുള്ള സമൂഹവും മാത്രമല്ല സാവ്വത്രികസഭ മുഴുവനും

Christian Musicological Society of India
www.TheCMSIndia.org

ഈ അപ്പണത്തിൽ ഭാഗഭാക്കാകുന്നു. സഭയുടെ ഈ ഐക്യം പ്രകടമാക്കുന്ന ഒരു ഉപാധിയാണ് നിയമാനുസൃതം അംഗീകരിക്കപ്പെട്ട ആരാധനക്രമഗ്രന്ഥത്തിൻെറ ഉപയോഗം.

## വിശ്വാസവും ലിററർജിയും

ക്രൈസ്തവവിശ്വാസത്തിൻെറ കേന്ദ്രബിന്ദുവായ പെസഹാരഹസ്യത്തിൻെറ ആചരണവും അനുസ്മരണവുമാണ് വി. കുർബാന. അതിൻെറ പൗരാണികങ്ങളായ ടെക്സ്റ്റുകൾ അക്കാലത്തെ ക്രൈസ്തവവിശ്വാസത്തിൻെറ ശരിയായ പ്രതിഫലനവും അവികലമായ പ്രകാശനവുമാണ്. ആദിമക്രൈസ്തവർ ലിററർജിയിലൂടെ ഏററുപറഞ്ഞിരുന്ന വിശ്വാസം തങ്ങളുടെ ജീവിതത്തിൽ പകർത്തിയിരുന്നു. പ്രാർത്ഥനകൾ വിശ്വാസപ്രകടനമാദ്ധ്യമങ്ങളാകയാൽ ഒരേ വിശ്വാസത്തിൻെറ വൈവിധ്യമാർന്ന പ്രകാശനങ്ങളായി അവ വിലമതിക്കപ്പെടുന്നു. അപ്പസ്തോലിക ലിററർജികൾ അപ്പസ്തോലികസഭയുടെ വിശ്വാസത്തിൻെറയും ദൈവശാസ്ത്രത്തിൻെറയും സാക്ഷ്യങ്ങളാണ്. പരമ്പരാഗതമായി തലമുറകൾതോറും കൈമാറിയ വിശ്വാസത്തിൻെറ വിവിധ പ്രകാശനമാദ്ധ്യമങ്ങളാണ് അവ. ശ്ലീഹന്മാരുടെയും പിതാക്കന്മാരുടെയും പ്രബോധനങ്ങളും അവയെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. ആകയാൽ അവയെ ക്രിസ്തീയവെളിപാടിൻെറ സ്രോതസ്സുകളായും സഭയുടെ പൊതു പൈതൃകമായും പരിഗണിക്കേണ്ടിയിരിക്കുന്നു.

## ലിററർജി ടെക്സ്റ്റുകളുടെ പ്രാധാന്യം

ഓരോ ലിററർജിയും, സ്വന്തം സഭയുടെ ദൈവശാസ്ത്രത്തേയും ആദ്ധ്യാത്മികതയേയും പ്രതിനിധാനംചെയ്യുന്നു. ഇവയുടെ അടിസ്ഥാനവും പ്രചോദനമാദ്ധ്യമവും ലിററർജിക്കൽ ടെക്സ്റ്റുകൾതന്നെയാണ്. സഭയുടെ പരമ്പരാഗതമായ വിശ്വാസത്തിൻെറ സാക്ഷ്യമെന്ന നിലയിൽ ലിററർജിയ്ക്ക് വിശ്വാസസത്യപരമായ പ്രാധാന്യമുണ്ട് (Dogmatic importance). അതു് ക്രമനിബദ്ധമായ ദൈവശാസ്ത്രത്തിൻെറ ഉറവിടമാണ്. ദൈവശാസ്ത്രശാഖകൾ വളരേണ്ടതു് പ്രധാനമായും ലിററർജിക്കൽ ടെക്സ്റ്റുകളുടെ പഠനംവഴിയാണ്. പിതാക്കന്മാരുടെ പ്രബോധനങ്ങളിലേയ്ക്കു് വെളിച്ചംവീശുവാനും അത്തരം പഠനങ്ങൾ സഹായിക്കും.

Christian Musicological Society of India
www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

CHRISTIAN MUSICOLOGICAL SOCIETY OF INDIA



## പുനരുദ്ധാരണം

കത്തോലിക്കാസഭയിൽ ഓരോ റീത്തും അവികലമായ ക്രൈസ്തവവിശ്വാസത്തെ ഒരു പ്രത്യേകവിധത്തിൽ മനസ്സിലാക്കുകയും ജീവിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഓരോ റീത്തും ക്രൈസ്തവജീവിതത്തെ സമ്പന്നമാക്കുകയും വിശ്വാസത്തിന് ഒരു പ്രായോഗികമാനം നല്കുകയും ചെയ്യുന്നു. അതിനെ വികലമാക്കുകയോ ദരിദ്രമാക്കുകയോ ചെയ്താൽ സാർവ്വത്രികസഭയുടെ സൗന്ദര്യത്തിനായിരിക്കും മങ്ങലേല്ക്കുക. സീറോ–മലബാർ സഭയുടെ അപ്പസ്തോലികമായ സമ്പന്നതയും, ചൈതന്യവും ലത്തീനീകരണത്താൽ നഷ്ടപ്പെട്ടതുവഴി സാർവ്വത്രിക സഭയ്ക്കുതന്നെ ക്ഷതമേററുവെന്നുവേണം കരുതുവാൻ.

മാർത്തോമ്മാ ക്രിസ്ത്യാനികൾ ലത്തീനീകരണ പ്രവണതയെ നഖശിഖാന്തം എതിർക്കുകയും തങ്ങളുടെ ആരാധനക്രമത്തെ അതിൻെറ അവികലതയിൽ വീണ്ടെടുക്കുന്നതിനു് അവിശ്രാന്തം പരിശ്രമിക്കുകയും ചെയ്തിരുന്നു. പൗരസ്ത്യരുടെയിടയിൽ ലത്തീനീകരണം പ്രോത്സാഹിപ്പിക്കുന്നതു് ശരിയല്ലെന്നും സീറോ മലബാർ സഭയുടെ പുരാതനമായ പൊന്തിഫിക്കൽ പുനരുദ്ധരിക്കുന്നതിനായി ഒരു കമ്മീഷനെ നിയമിക്കണമെന്നും 1934 ഡിസംബർ 1–ാം തീയതിയിലെ പതിനൊന്നാം പീയൂസ് മാർപ്പാപ്പായുടെ തീരുമാനമാണ് ആരാധനക്രമപുനരുദ്ധാരണത്തിന് തുടക്കംകുറിച്ചതു്. പൗരസ്ത്യതിരുസംഘത്തിൻെറ സെക്രട്ടറിയായിരുന്ന കർദ്ദിനാൾ ടിസ്സറാങ്ങ് 1954 മാർച്ച് 10–ാംതീയതി അതിനായി ഒരു കമ്മീഷനെ നിയമിക്കുകയുംചെയ്തു.

പുരാതനകാലംമുതൽ ഇവിടെ ഉപയോഗിച്ചുകൊണ്ടിരുന്ന കുർബാനയിൽ പതിനാറാം നൂററാണ്ടിനുശേഷം കടന്നുകൂടിയ ലത്തീൻ ഘടകങ്ങൾ ഒഴിവാക്കി അതിനെ അതിൻെറ പൂർണ്ണവും അവികലവുമായ രീതിയിൽ പുനഃസ്ഥാപിക്കുകയും അതുവഴിയായി നമ്മുടെ ആരാധനക്രമത്തിൻെറ സർഗ്ഗാത്മകമായ വളർച്ചയ്ക്കു് അടിസ്ഥാനമിടുകയും ചെയ്യുക എന്നതാണ് പുനരുദ്ധാരണ ലക്ഷ്യം. വൈദേശികമായ ഒരു കുർബാന ഇവിടെ കെട്ടിയേല്പിക്കുന്നുവെന്ന പ്രചരണം തീർച്ചയായും വസ്തുനിഷ്ഠമല്ല. ആദിമനൂററാണ്ടുകൾ മുതൽ ഇവിടെ നിലനിന്നുപോന്നതാണ് നമ്മുടെ ആരാധനക്രമം.

## പുനരുദ്ധാരണം പുരാവസ്തുഗവേഷണമല്ല

വിശ്വാസത്തിൻെറ ഉറവിടങ്ങളിലേയ്ക്കു് പ്രത്യേകിച്ച് ആരാധനക്രമത്തിൻെറ ഉറവിടങ്ങളിലേയ്ക്കു് തിരിച്ചുപോയി

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

നമ്മുടെ പൈതൃകവും, ആദ്ധ്യാത്മികതയും, സഭാത്മകജീവിതവും കണ്ടെത്തുവാനും അതു് ഇന്നത്തെ ജീവിതത്തിൽ പ്രായോഗികമാക്കുവാനുമുള്ള പരിശ്രമത്തെ പഴമയിലേയ്ക്കുള്ള തിരിച്ചുപോക്കെന്നോ, പുരാവസ്തുഗവേഷണമെന്നോ ഒക്കെ പറഞ്ഞു് തരം താഴ്ത്തുകയും അപലപിക്കുകയും ചെയ്യുന്നവർക്കു് പ. സിംഹാസനത്തിന്റെ പ്രബോധനം തന്നെയാണു് പ്രത്യുത്തരം:

"It is, therefore devoutly to be hoped that the church of the St. Thomas Christians may once again find its roots, at once evangelical and truly original, Oriental and Indian, as pleaded by a spiritual Master recently deceased. Such a "return to the sources", in liturgy first of all, cannot but contribute to the development, the full flourishing and the enhancement of a church so fully catholic, though still seeking to express adequately its ecclesial individuality and character."

ഈ പ്രബോധനം അനുസരിച്ചു് ശരിയായ ഉറവിടങ്ങളിലേയ്ക്കു തിരിച്ചുപോകുക എന്നതാണു് യഥാർത്ഥ നവീകരണത്തിന്റെ അടിസ്ഥാനം തന്നെ. പൗരസ്ത്യസഭയുടെ പൗരാണിക പാരമ്പര്യങ്ങളും സാർവ്വത്രിക സഭയുടെതന്നെ ദൈവാവിഷ്കൃതവും അവിഭാജ്യവുമായ പിതൃസ്വത്തിന്റെ ഒരു ഭാഗമാണു്. (O.E.I.) പൗരസ്ത്യവിരുദ്ധ പശ്ചാത്തലത്തിൽ പരിശീലിപ്പിക്കപ്പെട്ടവരും പൗരസ്ത്യമായതെന്തും രണ്ടാം തരമാണെന്നു കരുതുന്നവരും, സ്വന്ത സഭയുടെതന്നെ പൈതൃകത്തെപ്പററി അജ്ഞരായിട്ടുള്ളവരുമാണു് ഉറവിടങ്ങളിലേയ്ക്കു തിരിച്ചുപോകുകയെന്നതു് ആധുനിക മനുഷ്യനു അപ്രസക്തവും, പുരോഗതിക്കു വിലങ്ങുതടിയും ആണെന്നു കരുതുന്നതെന്ന മേൽപ്പറഞ്ഞ ഉദ്ധരണിയിലെ പ്രസ്താവം തികച്ചും വസ്തുനിഷ്ഠമാണു്.

## 1962 ലെ ടെക്സ്ററു തയ്യാറാകുന്നു

കമ്മീഷൻ തയ്യാറാക്കിയ ടെക്സ്റ്റ് 1956—ൽ ബഹുഭൂരിപക്ഷം സീറോ—മലബാർ മെത്രാന്മാരും സ്വാഗതം ചെയ്തു. 1957 മെയ് 27—നു് പൗരസ്ത്യതിരുസംഘത്തിന്റെ സമ്പൂർണ്ണസമ്മേളനവും 1957 ജൂൺ 26—നു് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമസ്സുകൊണ്ടും പുനരുദ്ധരിക്കപ്പെട്ട കുർബാനയ്ക്കു് അംഗീകാരം നല്കി. 23—ാം ജോൺ മാർപ്പാപ്പയുടെ അംഗീകാരത്തോടുകൂടി അതു് അച്ചടിപ്പിക്കുകയും 1962 ജൂലായ് 3—ാം തീയതി സഭയിൽ നടപ്പിലാക്കുകയും ചെയ്തു.

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ള്ളതു്. റോമിൽനിന്നും നിർദ്ദേശിക്കപ്പെട്ടതും അപ്രകാരമാണു്.

2 പ്രാർത്ഥനകളെല്ലാം മൂലത്തോടു വിശ്വസ്തത പുലർത്തുന്നു.

3 ദേവാലയത്തിന്റെ ഘടന, പടിഞ്ഞാറോട്ടുള്ള ദർശനം തുടങ്ങിയ കാര്യങ്ങളിൽ വ്യക്തമായ നിർദ്ദേശങ്ങൾ നല്കിക്കൊണ്ടു് നിലവിലിരിക്കുന്ന അവ്യക്തതകളും അനിശ്ചിതത്വവും അവസാനിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ടു്. ബേസ്ഗസ്സാകൾ മദ്ബഹ്ഹായുടെ തെക്കും വടക്കും വശങ്ങളിലാണു്. ബേമ്മയിൽവച്ചാണു് വചനശുശ്രൂഷ നടത്തുന്നതു്.

4 തിരുവസ്ത്രങ്ങളെ സംബന്ധിച്ചും വ്യക്തമായ നിർദ്ദേശങ്ങൾ നല്കപ്പെട്ടിരിക്കുന്നു. ലത്തീൻ തിരുവസ്ത്രങ്ങളുടെയും ഷോളിന്റെയും ഉപയോഗം സീറോ—മലബാർ റീത്തിൽ അനുവദനീയമല്ല.

5 വലത്തുനിന്നു് ഇടത്തോട്ടു കുരിശുവരയ്ക്കണമെന്നാണു് തക്സായിലെ നിർദ്ദേശം.

6 'പുഖ്ദാനകോൻ' എന്ന ആമുഖവാക്യം റാസയിൽ മാത്രമേ നിർബന്ധിതമായിട്ടുള്ളു. പകരം കൊടുത്തിരിക്കുന്ന ഗാനം അതിന്റെ അർത്ഥം ശരിക്കും പ്രതിഫലിപ്പിക്കുന്നുണ്ടു്.

7 കുർബാനയുടെ ആരംഭത്തിലും അവസാനത്തിലുമുള്ള ''സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'' കാനോനാ കൂട്ടിച്ചേർത്തു് രൂപപ്പെടുത്തിയിട്ടുള്ളതാണു്.

8 ബലിവസ്തുക്കൾ സജ്ജമാക്കുന്നതു് അതിൽത്തന്നെ അപ്രധാനമായ കർമ്മമാകയാൽ മൂന്നു സമയങ്ങളിൽ അതു നടത്താം. കുർബാന ആരംഭിക്കുന്നതിനുമുമ്പു്, സുവിശേഷവായനയ്ക്കു ശേഷമുള്ള കാറോസൂസയുടെ സമയത്തു്, ബലിവസ്തുക്കൾ ബലിപീഠത്തിലേയ്ക്കു സംവഹിക്കുന്നതിനു തൊട്ടുമുമ്പു്.

9 രഹസ്യങ്ങളുടെ ഗീതം ആലപിക്കുന്ന സമയത്താണു് ബലിവസ്തുക്കൾ ബലിപീഠത്തിലേയ്ക്കു സംവഹിക്കുന്നതു്. പൗരസ്ത്യപാരമ്പര്യമനുസരിച്ചു് ഡീക്കന്മാർക്കുപോലും ഈ കർമ്മം നിർവ്വഹിക്കാം (Ordo N. 27); "The traditional rite presupposed that the preparation, transfer and deposition of gifts be done by deacons and concelebrants while principal celebrant remained on the bema, entering the sanctuary only after the deposition of the gifts. That is, at the moment of the actual rite of entrance into the sanctuary" (1983 document p. 14). ഒരു വൈദി

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



കൻ മാത്രമുള്ളപ്പോൾ ബലിവസ്തുക്കൾ ഒരുക്കി ബലിപീഠത്തിലേക്കു സംവഹിക്കുന്നതിന് പ്രത്യേക നിർദ്ദേശങ്ങളുണ്ട്.

10 വിശ്വാസപ്രമാണത്തിന്റെ സ്ഥാനം ബലിവസ്തുക്കൾ ബലിപീഠത്തിൽ സ്ഥാപിക്കലിനും മുഖ്യകാർമ്മികന്റെ ബലിപീഠപ്രവേശനത്തിനും ഇടയ്ക്കാണ്. നിഖ്യാവിശ്വാസപ്രമാണം മാത്രമേ ഇപ്പോൾ തക്സായിൽ ചേർത്തിട്ടുള്ളു.

11 ആദ്യത്തെ കാറോസൂസയുടെ അന്ത്യത്തിലുള്ള ''നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കണമേ'' എന്ന പ്രാർത്ഥനയും ''സമാധാനത്തിന്റെയും....'' എന്നു തുടങ്ങുന്ന രണ്ടാമത്തെ കാറോസൂസയും നിർബന്ധിതമാണ്. പൊതുനിയോഗങ്ങൾ കൂട്ടിച്ചേർക്കണമെങ്കിൽ അവ കാറോസൂസയുടെ മാതൃകയിൽ നേരത്തെ തയ്യാറാക്കി ഒന്നാം കാറോസൂസയുടെ ആദ്യപ്രാർത്ഥനയ്ക്കുശേഷം മ്ശംശാന കൂട്ടിച്ചേർക്കുന്നു.

12 വ്യക്തികൾക്കുവേണ്ടി പ്രാർത്ഥിക്കുവാനുള്ള സ്ഥലം ഡിപ്റ്റിക്സ് ആണ്. ഞായറാഴ്ചകളിലും തിരുനാളുകളിലും ആഘോഷപൂർവ്വമായ കുർബാനയിലും അതു് ഉണ്ടായിരിക്കണം.

13 1962–ലെ തക്സായിൽ അനാഫൊറയുടെ പരമ്പരാഗതമായ ഘടനയിൽ മാററം വരുത്തിയതുമൂലം അതിന്റെ യഥാർത്ഥ ദൈവശാസ്ത്രത്തിനു കാര്യമായ ആഘാതം ഏററിരുന്നു (cf. Dr. Thomas Mannooramparampil, The Anaphora and the Post–anaphora of the Syro–Malabar Qurbana, Kottayam 1984, p.56–67) ഈ തെററു് പുതിയ കുർബാനക്രമത്തിൽ തിരുത്തിയിട്ടുണ്ട്.

14 മുമ്പും പിമ്പുമുള്ള പ്രാർത്ഥനകൾ മദ്ധ്യമപുരുഷനിൽ ആയതുകൊണ്ട് സ്ഥാപന വിവരണവും മദ്ധ്യമപുരുഷനിലാക്കിയിരിക്കുന്നു.

15 പുതിയ തക്സായിൽ റാസയുടെ പൂർണ്ണരൂപം കൊടുത്തിട്ടുണ്ടെങ്കിലും നിരവധിയായ ഐച്ഛിക പ്രാർത്ഥനകൾ കുർബാനയുടെ ദൈർഘ്യം കുറയ്ക്കുന്നു. ഇതുവരെ ഉള്ളവ കൂടാതെ പുതുതായി മൂന്നു കുശാപ്പകൾ കൂടി ഉപേക്ഷിക്കാമെന്നു നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

16 ''തിരുകർമ്മങ്ങളിൽ സജീവമായി പങ്കെടുക്കുവാൻ സാധിക്കത്തക്കവിധം ഗാനാലാപത്തിൽ സമൂഹത്തെ സഹാ

Christian Musicological Society of India

www.TheCMSIndia.org

യിക്കുകയെന്നതാണ് ഗായക സംഘത്തിന്റെ ധർമ്മം. ഔദ്യോഗികമായി അംഗീകരിച്ച ഗാനങ്ങളേ പാടാവൂ'' എന്ന നിർദ്ദേശം വളരെ പ്രായോഗിക പ്രാധാന്യമുള്ളതാണ്. സജീവഭാഗഭാഗിത്വത്തിന് ഉപയുക്തമായ രീതിയിൽ മാത്രമേ ഗായകസംഘം പാട്ടുകൾ പാടാവൂ എന്നു വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

17 ബലിവസ്തുകൾ ബലിപീഠത്തിൽ സ്ഥാപിക്കുന്നയവസരത്തിൽ പീലാസകൊണ്ടു കാസയിൽ മുട്ടുന്നതു് ഐച്ഛികമാണ്.

18 സുറിയാനി രീതിയിലും അല്ലാത്തതുമായ ഗാനങ്ങൾക്കു് ശാസ്ത്രീയമായ നോട്ടുകൾ തക്സായിൽ ചേർത്തിരിക്കുന്നതു് വളരെ ഉപകാരപ്രദമാണ്.

19 ഇരുസാദൃശ്യങ്ങളിൽ ഒരുമിച്ചും വെവ്വേറെയും ദിവ്യകാരുണ്യം നല്കുന്നതിന് ക്രമങ്ങൾ പുനരുദ്ധരിക്കപ്പെട്ടിരിക്കുന്നു. അതുപോലെതന്നെ വി. കുർബാന സ്വീകരിക്കുന്നയാളിന്റെ ജീവിതാവസ്ഥയനുസരിച്ച് പ്രാർത്ഥനയിലും വ്യത്യാസം വരുത്തിയിട്ടുണ്ട്.

പൗരസ്ത്യസുറിയാനി ലിററർജിയുടെ ചൈതന്യവും ഘടനയും പ്രതിഫലിപ്പിക്കുന്ന ഈ കുർബാനക്രമം സഭാത്മകമായ ആദ്ധ്യാത്മികത കൈവരിക്കുന്നതിന് സഹായകമാകുമെന്നു നമുക്കു പ്രത്യാശിക്കാം. പരിശുദ്ധ- സിംഹാസനത്തിൽനിന്നുള്ള 1985 ലെ പ്രമാണരേഖ സീറോ–മലബാർ ആരാധനക്രമ പരിഷ്ക്കരണത്തിന്റെ ലക്ഷ്യത്തെപ്പററി പറയുന്ന ഭാഗം ഇവിടെ ഉദ്ധരിക്കട്ടെ;''

The final aim is to offer the people of God clergy and faithful, of the Syro-Malabar Rite a liturgy, substantial in content, truly representative of the ecclesial tradition, and complete in all its parts; indeed, with a spirituality drawing its inspiration from the Bible and the liturgy. Without such a spirituality, founded on a life filled with Eucharist and other sacraments, there cannot be renewal in depth"( p. 3).

CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



# ഉപസംഹാരം

സഭാത്മകജീവിതത്തിൻെറ കേന്ദ്രബിന്ദുവാണല്ലോ വി. കുർബാന. നമ്മുടെ വിശ്വാസത്തിൻെറ പ്രകാശനവും ദൈവശാസ്ത്രത്തിൻെറ ഉറവിടവുമാണതു്. ശരിയായ ക്രൈസ്തവജീവിതം നയിക്കുന്നതിനു് സഭയുടെ ആരാധനക്രമം പരമപ്രാധാന്യമർഹിക്കുന്ന മാദ്ധ്യമമാണു്. അതിലേററവും ശ്രേഷ്ഠമായതു് വി. കുർബാനയും.

ഓരോ സഭയുടെയും ആദ്ധ്യാത്മികതയും ധാർമ്മികതയും സഭാത്മകജീവിതവുമെല്ലാം ശരിയായ ആരാധനക്രമത്തിൽ അധിഷ്ഠിതമായിരിക്കുന്നു. ലത്തീനീകരണംവഴി നമ്മുടെ സഭയ്ക്കു നഷ്ടപ്പെട്ട ആദ്ധ്യാത്മിക സമ്പത്തും പൈതൃകവും വീണ്ടെടുക്കുവാനുള്ള ഏകമാർഗ്ഗം നമ്മുടെ ലിററർജി അതിൻെറ അവികലമായതിൽ വീണ്ടെടുക്കുക എന്നതാണു്. അതിനു തടസ്സമായി നില്ക്കുന്നതോ നമ്മുടെ പൗരസ്ത്യമില്ലായ്മയും!

ഈ പശ്ചാത്തലത്തിൽ നമ്മുടെ ലിററർജി പുനരുദ്ധരിക്കുന്നതിനു് പ. സിംഹാസനംതന്നെ മുൻകൈ എടുത്തില്ലായിരുന്നെങ്കിൽ സീറോ–മലബാർ സഭ അതിനു് അശക്തയാകുമായിരുന്നുവെന്നാണു് ദീർഘമായ പുനരുദ്ധാരണ ചരിത്രം തെളിയിക്കുന്നതു്.

പുനരുദ്ധരിക്കപ്പെട്ട കുർബാനക്രമം അതിൻെറ വിവിധ രൂപങ്ങളിൽ നിലവിൽ വന്നുകഴിഞ്ഞു. അതിൽനിന്നും ആദ്ധ്യാത്മികചൈതന്യമുൾക്കൊണ്ടു് യഥാർത്ഥ ക്രൈസ്തവജീവിതം നയിക്കുന്നതിനു് എല്ലാവരും ആത്മാർത്ഥമായി ശ്രമിക്കുക എന്നതാണു് ഇനിയും കരണീയമായിട്ടുള്ളതു്. മറിച്ചു് ദുഷ്പ്രചരണങ്ങൾവഴി പുനരുദ്ധരിക്കപ്പെട്ട കുർബാനയെപ്പററി മനഃപൂർവ്വം അവജ്ഞ സൃഷ്ടിക്കുവാൻ പരിശ്രമിക്കുന്നവർ പുനരുദ്ധാരണത്തിൻെറ ഉന്നതമായ ലക്ഷ്യത്തിനും നമ്മുടെ സഭയുടെ വളർച്ചയ്ക്കും ക്ഷതമേല്പിക്കുകയായിരിക്കും ചെയ്യുക.

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS